# കേരള സർവകലാശാല

നം.പി.ആർ.50/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷഫലം

2018 സെപ്റ്റംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവൽസര ബി.എ. എൽ.എൽ.ബി./ബി.കോം. എൽ.എൽ.ബി./ ബി.ബി.എ. എൽ.എൽ.ബി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും പിഴയില്ലാതെ മാർച്ച് 28 വരെയും പിഴയോടുകൂടി ഏപ്രിൽ 4 വരെയും അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

2018 മാസം ഒക്ടോബർ മാസത്തിൽ യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം നടത്തിയ എം.ഫിൽ മാത്തമാറ്റിക്സ് (2017 - 2018 ബാച്ച്) വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പ്രസിദ്ധപ്പെടുത്തി. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷാ തീയതി

2019 ഏപ്രിൽ 22 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഇന്റഗ്രേഡ് പഞ്ചവത്സര ബി.എ. എൽ.എൽ.ബി./ ബി.കോം. എൽ.എൽ.ബി./ ബി.ബി.എ. എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 28 വരെയും 50 രൂപ പിഴയോടുകൂടി മാർച്ച് 30 വരെയും 125 രൂപ പിഴയോടുകൂടി ഏപ്രിൽ 1 വരെയും അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 21 മുതൽ ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഫെബ്രുവരി മാസം നടത്തിയ അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 14 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈം ടേബിൾ

മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) സപ്ലിമെന്ററി പരീക്ഷ (ഏപ്രിൽ / മെയ് 2019 ) ഏപ്രിൽ 22 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

## സൂക്ഷ്മ പരിശോധന

2018 ഓഗസ്റ്റ് മാസം നടത്തിയ നാലാം സെമസ്റ്റർ ബി.ടെക്ക് (2013 സ്കീം) പരീക്ഷയുടെ സൂഷ്മ പരിശോധനക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ, ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി മാർച്ച് 11 മുതൽ 18 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.ടെക്ക് റീ–വാല്യൂവേഷൻ സെക്ഷനിൽ ഹാജരാകേണ്ടതാണ്.

2018 ജൂൺ മാസം നടത്തിയ കംബൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ ബി. ആർക്ക് (2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മ പരിശോധനക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ, ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി മാർച്ച് 11 മുതൽ 18 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.ടെക്ക്/ബി.ആർക്ക് റീ–വാല്യൂവേഷൻ സെക്ഷനിൽ ഹാജരാകേണ്ടതാണ്.

2018 ഒക്ടോബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മ പരിശോധനക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡ് സഹിതം/ ഹാൾടിക്കറ്റുമായി മാർച്ച് 11 മുതൽ 18 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാജരാകേണ്ടതാണ്.

2018 ജൂലൈ മാസം നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി ആൻഡ് ബയോടെക്നോളജി കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മ പരിശോധനക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി /ഹാൾടിക്കറ്റുമായി ഇ.ജെ(III) സെക്ഷനിൽ മാർച്ച് 11 മുതൽ 18 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാജരാകേണ്ടതാണ്.

## പി.ജി പ്രവേശനം

വിവിധ പഠന വകുപ്പുകളിലേക്ക് പി.ജി. അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 2 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഫ്യൂച്ചർ സ്റ്റഡീസ്, ഓപ്റ്റോ ഇലക്ട്രോണിക്സ്, കംപ്യൂട്ടർ സയൻസ് (സി.എസ്.എസ്) എന്നീ വകുപ്പുകളിൽ എം.ടെക് ( നോൺ ഗേറ്റ്) അഡ്മിഷനുള്ള ഓൺലൈനായി. ഏപ്രിൽ 2 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദൂര വിദ്യാഭ്യാസ ക്ലാസ്

വിദൂര വിദ്യാഭ്യാസം വഴി നടത്തുന്ന 3 – ാം സെമസ്റ്റർ എം.എസ്.സി കംമ്പ്യൂട്ടർ സയൻസ് ക്ലാസുകൾ മാർച്ച് 9 ന് കാര്യവട്ടം കാമ്പസിൽ വച്ചു നടത്തുന്നതായിരിക്കും.

## തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം മാർച്ച് 9 ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്.
''സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫംങ്ഷണൽ ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ്'' കോഴ്സിന് മാർച്ച് 15 വരെ അപേക്ഷിക്കാം.
അപേക്ഷാ ഫോറത്തിനും അഡ്മിഷനും പി.എം.ജി. യിൽ പ്രവർത്തിക്കുന്ന സി.എ.സി.ഇ.ഇ. ഓഫീസുമായി ബന്ധപ്പെടുക. 0471–230 2523.

## തീയതി നീട്ടി.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന '' സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫംങ്ഷണൽ ഇംഗ്ലീഷ് ആൻഡ് പബ്ലിക് സ്പീക്കിംഗ്'' കോഴ്സിന് മാർച്ച് 15 വരെ അപേക്ഷിക്കാം.

## വാക്ക്– ഇൻ – ഇന്റർവ്യൂ

സോഷ്യോളജി വകുപ്പിൽ എം.എസ്. ഡബ്ല്യൂ വിഭാഗത്തിൽ ഗസ്റ്റ് അധ്യാപകർക്കുള്ള പാനൽ തയ്യാറാക്കുന്നതിനു വേണ്ടി കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റിലും, മെഡിക്കൽ & സൈക്യാട്രിക് സോഷ്യൽ വർക്കിലും സ്പെഷ്യലൈസേഷൻ ഉള്ള വ്യക്തികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.
യോഗ്യത;– എം.എസ്.ഡബ്ല്യൂ ന് 55 % ൽ കുറയാത്ത മാർക്കും. എൻ.ഇ.റ്റി./ ജെ.ആർ. എഫ് നിർബന്ധം.
ദേശീയ അന്തർ ദേശീയ തലത്തിൽ പ്രബന്ധാവതരണം/ യു.ജി.സി. അംഗീകരിച്ച പ്രസിദ്ധീകരണം.
യോഗ്യത തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.
മാർച്ച് 20 ബുധനാഴ്ച രാവിലെ 10 മണിക്ക് കര്യവട്ടം, സോഷ്യോളജി ഡിപ്പാർട്ടുമെന്റിൽ ഹാജരാകേണ്ടതാണ്.

## ട്രാൻസ്ക്രിപ്റ്റ് ഓഫ് ഗ്രേഡ്സ് ലഭിക്കുന്നതിന്

ബി.ടെക്ക് വിഭാഗത്തിൽ (2008 സ്കീം) കോഴ്സ് പൂർത്തികരിച്ച വിദ്യാർത്ഥികൾക്ക് ട്രാൻസ്ക്രിപ്റ്റ് ഓഫ് ഗ്രേഡ്സ് ലഭിക്കുന്നതിന് ആപ്ലിക്കേഷനും, അപേക്ഷാ ഫീസും മാർക്ക് ലിസ്റ്റുകളുടേയും, ഡിഗ്രി / പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെ പകർപ്പു നൽകിയാൽ മതിയാകും. ട്രാൻസ്ക്രിപ്റ്റിന്റെ മാതൃക വിദ്യാർത്ഥികൾ തയ്യാറാക്കേണ്ടതില്ല. മാർച്ച് 1 മുതൽ മേൽപറഞ്ഞ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

## പൂർവ വിദ്യാർത്ഥി സംഗമം

2019 മാർച്ച് 9 ന് കൊമേഴ്സ് വകുപ്പ് പൂർവ വിദ്യാർത്ഥി സംഗമം നടത്താൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ചടങ്ങിൽ, ഉന്നത ബഹുമതികളും സ്ഥാനമാനങ്ങളും കരസ്ഥമാക്കിയവരെ ആദരിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

അതിലേക്കായി എന്തെങ്കിലും നേട്ടങ്ങളും ബഹുമതികളും കരസ്ഥമാക്കിയവർ താഴെ പറയുന്ന നമ്പരിൽ ബന്ധപ്പെടുക. 8281670612, 9847484249, 9567170858

തിരുവനന്തപുരം.

08-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**